**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1371** **28-07-2021 - ൽ മറുപടിയ്ക്ക്**

**വൻകിട പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന വൻകിട പദ്ധതികൾ യഥാസമയം പൂർത്തിയാക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (എ) | വൻകിട പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ത്രൈമാസ പദ്ധതി ചെലവ് അവലോകന കമ്മിറ്റി യോഗങ്ങളിൽ വൻകിട പദ്ധതികൾ അവലോകനം നടത്തുകയും ബന്ധപ്പെട്ട സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിവിധ വകുപ്പ് മന്ത്രിമാരുടെയും സെക്രട്ടറിമാരുടേയും യോഗം ചേർന്ന് പദ്ധതികൾ സമയ ബന്ധിതമായി തീർക്കുന്നതിന് ആവശ്യമായ കർമ്മ പരിപാടികൾ രൂപീകരിക്കുകയും online realtime monitoring system ഇതിനു വേണ്ടി വികസിപ്പിച്ചെടുക്കുകയും ചെയ്തു. പ്രസ്തുത പോർട്ടൽ (www.cmopcmg.kerala.gov.in) വഴി വൻകിട പദ്ധതികൾ ഉൾപ്പടെ എല്ലാ പ്രധാന പദ്ധതികളും നിരീക്ഷിക്കുന്നതിനും യഥാ സമയങ്ങളിൽ ബന്ധപ്പെട്ടവർക്ക് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിനും ഉപയുക്തമാക്കി. പ്രസ്തുത പോർട്ടൽ നിരീക്ഷിക്കുന്നതിന് സെക്രട്ടറിമാർ കൂടാതെ ഭരണ വകുപ്പിൽ നിന്ന് നോഡൽ ഓഫീസറിനേയും ലിങ്ക് നോഡൽ ഓഫീസറിനേയും നിയോഗിക്കുകയുണ്ടായി. കൂടാതെ, നിർവ്വഹണ വകുപ്പ്/ഏജൻസി എന്നിവയിൽ നിന്ന് പോർട്ടൽ യഥാ സമയങ്ങളിൽ അപ്ഡേറ്റ് ചെയ്യുന്നതിന് നോഡൽ ഓഫീസർമാരെയും നിയോഗിച്ചിട്ടുണ്ട്. ചീഫ് സെക്രട്ടറി തലത്തിൽ ഇടപെടലുകൾ ആവശ്യമായ പദ്ധതികൾ പ്രത്യേകമായി അവലോകനം നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട പദ്ധതികളുടെ പ്രത്യേക അവലോകന യോഗങ്ങൾ നിശ്ചിത ഇടവേളകളിൽ മുഖ്യമന്ത്രി വിളിച്ചു ചേർക്കുന്നുണ്ട്. കൂടാതെ, കേന്ദ്ര സർക്കാരിന്റെ PMG (Prime Minister’s Monitoring |

| | | | |
|---|---|---|---|
| | | | Group) പോർട്ടൽ വഴി പ്രധാനപ്പെട്ട പശ്ചാത്തല സൗകര്യ വികസന പദ്ധതികളുടെ നിരീക്ഷണത്തിന്റെ ഭാഗമായി ചീഫ് സെക്രട്ടറിയും വിവിധ വകുപ്പ് സെക്രട്ടറിമാരും ബന്ധപ്പെട്ട പദ്ധതികളുടെ നിർവ്വഹണം വിലയിരുത്തുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു . ബൃഹദ് പദ്ധതികളുടെ അടക്കം എല്ലാ പദ്ധതികളുടെയും പുരോഗതി അവലോകനം ചെയ്യുന്നതിനും വിവിധ പദ്ധതികളുടെ പുരോഗതി തത്സമയം വകുപ്പ് മന്ത്രിമാരെയും മുഖ്യമന്ത്രിയേയും അറിയിക്കുന്നതിനുമായി ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ കീഴിൽ പദ്ധതികളുടെ പുരോഗതി ചുമതല നിർവ്വഹിച്ചുപോരുന്ന ആസൂത്രണ സാമ്പത്തികകാര്യ (സി.പി.എം.യു.) വകുപ്പിനെ ചീഫ് സെക്രട്ടറി വഴി മുഖ്യമന്ത്രിയ്ക്ക് റിപ്പോർട്ട് ചെയ്യുന്ന തരത്തിൽ ഒരു സെക്രട്ടറിയുടെ കീഴിൽ ഒരു പ്രത്യേക വകുപ്പായി സ.ഉ.(കൈ)നം. 105/2021/പൊ.ഭ.വ., തീയതി 21.05.2021 പ്രകാരം Programme Implementation, Evaluation & Monitoring വകുപ്പ് രൂപീകൃതമായിട്ടുണ്ട് പദ്ധതികൾ നിരീക്ഷിക്കുന്നതിന് വേണ്ടി വികസിപ്പിച്ചെടുത്ത മുഖ്യമന്ത്രിയുടെ വെബ് പോർട്ടലിലൂടെ (www.cmopcmg.kerala.gov.in) പദ്ധതികളുടെ ഭൗതിക പുരോഗതിയും സാമ്പത്തിക പുരോഗതിയും പ്രശ്നപരിഹാരവും സാധ്യമാക്കുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ e-PMG Portal കേരളത്തിന് അനുയോജ്യമായ രീതിയിൽ customize ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ e-sameeksha portal കേരളത്തിന് അനുയോജ്യമാക്കി മാറ്റി (e-sameeksha kerala portal) കേന്ദ്ര സർക്കാരിന്റെ പദ്ധതി സംബന്ധമായതുൾപ്പെടെയുള്ള കത്തിടപാടുകൾ സമയബന്ധിതമായി തുടർനടപടി സ്വീകരിച്ച് e-Sameeksha National Portal വഴി അറിയിക്കുന്ന സംവിധാനം നടപ്പിലാക്കിയിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ